# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5258** **31.10.2016-ൽ മറുപടിക്ക്**

## സർക്കാരിന്റെ പരസ്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എസ്. ശബരീനാഥൻ** | | **ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)** | |
| എ) | സർക്കാരിന്റെ പരസ്യങ്ങൾ ഏതെല്ലാം വിധത്തിലാണ് പ്രസിദ്ധീകരിക്കുന്നത്; ആയതിനുള്ള നടപടി ക്രമങ്ങൾ എന്താണ്; വിശദമാക്കാമോ; | (എ) | വിവിധ ക്യാമ്പയിനുകൾ, തിയറ്റർ, റെയിൽവേ, KSRTC, പ്രസിദ്ധീകരണങ്ങൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, FM റേഡിയോകൾ, വെബ് മീഡിയ എന്നിവ വഴിയാണ് സർക്കാരിന്റെ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഇതിനു പുറമെ മൊബൈൽ എക്സിബിഷൻ വാഹനങ്ങൾ വഴിയും പരസ്യം നൽകാറുണ്ട്. വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട പ്രസിദ്ധീകരണങ്ങൾക്ക് വകുപ്പ് മാനദണ്ഡമനുസരിച്ചും, നെഗോസിയേഷൻ മുഖേനയും, പരസ്യ ഏജൻസികളെ ക്വട്ടേഷൻ/ താത്പര്യ പത്രം ക്ഷണിച്ചുമാണ് പരസ്യം നൽകുന്നത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന് 100 ദിവസം പൂർത്തിയായതിന്റെ പരസ്യങ്ങൾ പ്രസിദ്ധീകരിയ്ക്കുന്നതിന് എന്തു തുക ചെലവായി; ആയത് പ്രസിദ്ധീകരിച്ചത് എങ്ങനെയാണ്; ഇതിനായി പരസ്യ കമ്പനികളെ ചുമതലപ്പെടുത്തിയിരുന്നോ; ആണെങ്കിൽ പരസ്യ കമ്പനികളെ തെരഞ്ഞെടുക്കാൻ ടെൻഡർ വിളിച്ചിരുന്നോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന് 100 ദിവസം പൂർത്തിയായതിന്റെ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച വകയിൽ നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരുന്നതേയുള്ളൂ. പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയും, FM റേഡിയോകൾ, വെബ് മീഡിയ, ഹോർഡിംഗുകൾ, ബോർഡുകൾ, പോസ്റ്ററുകൾ, ഫോൾഡറുകൾ എന്നിവ വഴിയും പരസ്യ പ്രചരണം നടത്തുകയുണ്ടായി. ഇതിനായി പരസ്യ കമ്പനികളെ ചുമതലപ്പെടുത്തിയിരുന്നു. ക്വട്ടേഷൻ/ താത്പര്യപത്രം ക്ഷണിച്ചാണ് പരസ്യ ഏജൻസികളെ തെരഞ്ഞെടുത്തത്. |

| | |
|---|---|
| സി) 'സർക്കാരിന്റെ 100 ദിവസം' പരസ്യം എത്ര പത്രങ്ങളിൽ പൂർണ്ണമായും വന്നിട്ടുണ്ട്; ഇവ ദൃശ്യമാധ്യമങ്ങളിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രദർശിപ്പിക്കുന്നതിന് എന്ത് നിരക്കാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) സർക്കാരിന്റെ 100 ദിവസം സംബന്ധിച്ച പരസ്യം 80 പത്രങ്ങൾക്ക് പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്. ആയത് പൂർണ്ണമായും വന്നിട്ടുണ്ടോ എന്നത് പത്രസ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. അതിനനുസരിച്ചാണ് ബിൽ തുക അനുവദിക്കുന്നത്. ദൃശ്യ മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ദൃശ്യമാധ്യമങ്ങൾ പൂർണ്ണമായും ബിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ നിരക്ക് നിർണയ നടപടികൾ തുടർന്നു വരുന്നതേയുള്ളൂ. |
| ഡി) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് പരസ്യങ്ങൾ എങ്ങനെയാണ് നൽകിയിട്ടുള്ളത്; ആയതിന് പാലിച്ച നടപടിക്രമങ്ങൾ എന്താണ്; വിശദമാക്കാമോ; | (ഡി) മുകളിൽ പ്രതിപാദിച്ച നടപടി ക്രമങ്ങൾ തന്നെയാണ് സ്വീകരിച്ചത്. |
| (ഇ) എൽ.ഡി.എഫ് മുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് നൽകിയ പരസ്യങ്ങൾ ചെയ്ത കമ്പനിക്ക് തന്നെ ഈ സർക്കാർ പരസ്യങ്ങൾ നൽകിയെന്ന ആരോപണം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സർക്കാർ പരസ്യങ്ങൾ പി.ആർ.ഡി നേരിട്ടാണ് മാധ്യമങ്ങൾക്ക് നൽകുന്നത്. |

സെക്ഷൻ ഓഫീസർ